(ഡി) കോടതിവിധി പ്രകാരം സി.എ.ജി.യുടെ അനേഷണത്തിന് ഇതുവരെ എന്തുനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഇ) സുനാമി പുനരധിവാസഫണ്ട് വകമാറ്റി ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകവീതം ഏതെല്ലാം പ്രദേശങ്ങളിൽ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രീ. സ്റ്റീഫൻ സമർപ്പിച്ച WP(C)No. 19819/10 നമ്പർ കേസ്സിലെ ബഹു. ഹൈക്കോടതിയുടെ വിധിയിന്മേൽ റിവ്യൂ ഹർജി സമർപ്പിക്കുന്നതിനായി നിയമവകുപ്പിനോടും അഡ്വക്കേറ്റ് ജനറലിനോടും അഭിപ്രായം തേടുകയും ആയത് സമർപ്പിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം റിവ്യൂ അപേക്ഷ നൽകേണ്ട എന്ന തീരുമാനമെടുത്തിട്ടുള്ള സ്ഥിതിക്ക്, 2007-ൽ പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കിയ എസ്റ്റിമേറ്റ് കാലഹരണപ്പെട്ടതിനാൽ 2014-ലെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കി DRDA-യുടെ റോഡുപണികൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് കേന്ദ്ര ഫണ്ടിന്റെ തുകയ്ക്കുള്ള (1441.75 കോടി) Re-appropriation അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) സി.എ.ജി യുടെ അനേഷണം സംബന്ധിച്ച് മറുപടി സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

സർക്കാർ ഭൂമിയുടെ പാട്ടവ്യവസ്ഥകൾ

148 (7115) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട് ; ഇതിൽനിന്നും ഒരു വർഷം ലഭിക്കുന്ന പാട്ടത്തുക എത്ര ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ കൃഷി (തോട്ടം ഉൾപ്പെടെ), വ്യവസായം എന്നീ ആവശ്യങ്ങൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട് ; ഇവയുടെ പാട്ട വ്യവസ്ഥ എന്താണ് ; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ക്ലബ്ബുകൾ, മറ്റ് സഹകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട് ; ഇവയുടെ പാട്ടവ്യവസ്ഥ എന്താണ് ; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാട്ടവ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിനുശേഷം തിരിച്ചെടുത്തിട്ടുണ്ട് ; എത്ര ഭൂമി അപ്രകാരം ലഭിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) പാട്ടവ്യവസ്ഥ ലംഘിച്ച എത്രപേരുടെ ഭൂമി ഈ സർക്കാർ വന്നതിനുശേഷം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു ; എത്ര ഏക്കർ ഭൂമി ഇപ്രകാരം ലഭിക്കും ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

147 (7116) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 28-2-2013-ലെ WP 14751/2012, WP 213/13-ാം നമ്പർ വിധിപ്രകാരം 25-4-2013-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1957-ലെ കെ.എൽ.സി. ആക്ടിന്റെ എല്ലാ നിയമവും പാലിച്ചുകൊണ്ട് M/S ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശംവയ്ക്കുന്ന സർക്കാർ ഭൂമിയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ടി. ആക്ടിലെ റൂൾ 6 പ്രകാരം നടന്ന പരിശോധന കമ്പനിയെ മുൻകൂട്ടി രേഖാമൂലം അറിയിച്ചിരുന്നു. പ്രസ്തുത നടപടിയെ തുടർന്ന് ടി ആക്ടിലെ സെക്ഷൻ 12, റൂൾ 9 എന്നിവ പ്രകാരം സർക്കാർ ഭൂമിയിൽ നിന്നും ഒഴിപ്പിക്കാതിരിക്കാൻ 30 ദിവസത്തിനകം കാരണംകാണിക്കൽ ആവശ്യപ്പെട്ടുകൊണ്ട് വ്യത്യസ്ത തീയതികളിൽ മൂന്ന് ഫോം ബി നോട്ടീസുകൾ നൽകി. പ്രസ്തുത നോട്ടീസുകൾക്കെതിരെ എതിർ സത്യവാങ്മൂലവും എതിർപ്പും ടി കമ്പനി അവരുടെ കൈവശമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ സെപ്ഷ്യൽ ഓഫീസറുടെ മുമ്പാകെ ഫയൽ ചെയ്തു. ഇവ പരിശോധിച്ചതിന്‌ശേഷം രണ്ടുദിവസങ്ങളിലായി റൂൾ 10 പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly